**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2931** **25-06-2024 - ൽ മറുപടിയ്ക്ക്**

**കൊട്ടിയൂർ, ആറളം വന്യജീവി സങ്കേതങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൊട്ടിയൂർ, ആറളം വന്യജീവി സങ്കേതങ്ങളുടെ അതിർത്തിയിൽ താമസിക്കുന്ന ജനങ്ങൾക്ക് വന്യജീവികളിൽ നിന്നുണ്ടാകുന്ന തുടർച്ചയായ ആക്രമണങ്ങൾക്കും ഭീഷണികൾക്കും നാശനഷ്ടങ്ങൾക്കും പരിഹാരം കാണുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (എ) | ആറളം വന്യജീവി സങ്കേതത്തിൽ വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി എലിഫൻറ് പ്രൂഫ് വാൾ 5.065 കി.മീ., എലിഫൻറ് പ്രൂഫ് ട്രഞ്ച് - 3.5 കി.മീ., സ്റ്റീൽ ഫെൻസിംഗ് - 1.88 കി.മീ., സോളാർ ഫെൻസിംഗ് – 4 കി.മീ. എന്നീ പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ടി.ആർ.ഡി.എം-ന്റെ നേതൃത്വത്തിൽ ആറളം വൈൽഡ്‌ലൈഫ് സാങ്ച്വറിയുടെ വനാതിർത്തിയിൽ 10.5 കി.മീ. ദൂരത്തിൽ ആനപ്രതിരോധ മതിലിന്റെ നിർമ്മാണം നടന്നു വരുന്നുണ്ട്. ആയത് പൂർത്തിയാക്കുന്നതു വരെ താൽക്കാലിക സംവിധാനമെന്ന നിലയിൽ നിലവിലുള്ള പ്രതിരോധ സംവിധാനങ്ങൾക്ക് പുറമെ 6 കി.മീ. സോളാർ വേലി താൽക്കാലികമായി നിർമ്മിച്ച് പ്രവർത്തനക്ഷമമായി സംരക്ഷിച്ചുവരുന്നുണ്ട്. ടി വന്യജീവി സങ്കേതത്തിന്റെ അതിർത്തിയിൽ വളയംചാൽ മുതൽ കരിയംകാപ്പ് വരെ 10.25 കി.മീ. ആനപ്രതിരോധ മതിൽ നിർമ്മിച്ച് സംരക്ഷിച്ച് വരുന്നുണ്ട്. ആയതിന്റെ ഉയരം കുറഞ്ഞ ഭാഗങ്ങളിൽ മെച്ചപ്പെട്ട സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി 3 കി.മീ. ദൂരത്തിൽ താൽക്കാലിക തൂക്കുവേലി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കരിയംകാപ്പ് മുതൽ രാമച്ചി വരെ 1.8 കി.മീ. ദൂരത്തിൽ സോളാർ തൂക്കുവേലി നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്. കോളിത്തട്ട് മുതൽ പന്ന്യാമല വരെയുള്ള 2 കി.മീ. ഭാഗത്ത് സോളാർ വേലി നിർമ്മിച്ച് സംരക്ഷിച്ചു വരുന്നുണ്ട്.<br><br>കൊട്ടിയൂർ വൈൽഡ് സാങ്ച്വറിയിൽ ജനവാസ മേഖലയുമായി ചേരുന്ന അതിർത്തിയിൽ 5 കി.മീ ദൂരത്തിൽ സോളാർ ഹാംഗിങ്ങ് ഫെൻസ് നിർമ്മിക്കുന്നതിന് 40 ലക്ഷം രൂപ MRMAC |

| | | | |
|---|---|---|---|
| | | | ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതും, ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നതുമാണ്.<br><br>വന്യമൃഗ സംഘർഷം ഏറ്റവും കൂടുതലുള്ള മേഖലയിൽ രാത്രികാല പട്രോളിംഗ് ഉൾപ്പെടെ നടത്തുകയും ആർ.ആർ.ടി യൂണിറ്റിന്റെ സേവനം 24 മണിക്കൂറും ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വന്യമൃഗ സംഘർഷം മൂലം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് നിശ്ചിത നിരക്കിൽ നഷ്ടപരിഹാരവും അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ